# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3830 | 15/12/2014 ൽ മറുപടിക്ക് |
|---|---|

### അഴിമതി ആരോപണത്തിന്മേലുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.സി.കൃഷ്ണൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.പുരുഷൻ കടലുണ്ടി. | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി) | |
| (എ) | ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി ആരോപിക്കപ്പെട്ട മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ ; ആയവ അന്വേഷിയ്ക്കുന്നതിന് വിജിലൻസ് സംവിധാനം വിപുലപ്പെടുത്താൻ ഉദ്ദേശമുണ്ടോ; ഇപ്പോൾ അന്വേഷണം നേരിടുന്നവരെത്ര ; മന്ത്രിമാർ എത്ര ; | (എ) | ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ആരോപിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടന്നുവരുന്നു. ഇപ്പോൾ അന്വേഷണം നടക്കുന്നവയിൽ മന്ത്രിമാർ ആരും ഉൾപ്പെടുന്നില്ല. 35 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസുകളും 53 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണങ്ങളും 10 ഉദ്യോഗസ്ഥരുടെ പേരിൽ സത്വരാന്വേഷണങ്ങളും നടന്നുവരുന്നു. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ടവ അന്വേഷിക്കുന്നതിന് ഇപ്പോഴത്തെ വിജിലൻസ് സംവിധാനം പര്യാപ്തമാണ്. |
| (ബി) | മുൻ വനം വകുപ്പ് മന്ത്രിയും, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനും അഴിമതിക്കാരുടെ പേരുകൾ വെളിപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാർ പ്രഖ്യാപനം നടത്തിയവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; | (ബി) | വിജിലൻസ് കേസുകളും അന്വേഷണങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ പരാതിക്കാരിൽ നിന്നും വിവരങ്ങൾ ശേഖരിക്കാറുണ്ട്. അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നവേളയിൽ മാത്രമേ ഇതിന്റെ പൂർണ്ണരൂപം ലഭ്യമാകുകയുള്ളൂ. |
| (സി) | ഇത് സംബന്ധിച്ച് വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ശേഖരിച്ച പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആരോപിക്കപ്പെട്ടവർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ ? | (സി) | വിജിലൻസ് അന്വേഷണങ്ങളുടെ വെളിച്ചത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി തെളിഞ്ഞവയിൽ വിജിലൻസ് ബ്യൂറോ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസുകൾ അന്വേഷിച്ച് വരുന്നു. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ 35 ഉദ്യോഗസ്ഥർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ് അന്വേഷിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ